"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് ഓൺലൈൻ പഠനത്തിനായി ഡിജിറ്റൽ വിദ്യാഭ്യാസ സൗകര്യമൊരുക്കുന്നത് - എല്ലാ വിദ്യാർത്ഥികൾക്കും പഠന സൗകര്യം ഒരുക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1409/2021/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 27/07/2021

---

പരാമർശം:-

1. സ.ഉ.(കൈ) നം.22/2018/തസ്വഭവ, തീയതി 14.02.2018
2. സ.ഉ.(സാധാ) നം.1128/2020/ത.സ്വ.ഭ.വ, തീയതി 12/06/2020
3. സ.ഉ.(സാധാ) നം.1197/2021/ത.സ്വ.ഭ.വ, തീയതി 23/06/2021

**ഉത്തരവ്**

കോവിഡ് രോഗവ്യാപനം കുട്ടികളുടെ സ്കൂൾ പഠനത്തിലും, കൂട്ടായ്മയിലും സൃഷ്ടിച്ച പ്രതിസന്ധി മറികടക്കുന്നതിന് ഓൺലൈൻ പഠനമെന്ന സാങ്കേതിക രീതി വിജയകരമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ ഈ രംഗത്ത് പല പ്രതിസന്ധികളും നേരിടുന്നതായി പല പഠനങ്ങളും വ്യക്തമാക്കുന്നു. നിലവിൽ ഓൺലൈൻ പഠന സംവിധാനത്തിലെ വിടവുകൾ നികത്താൻ പ്രാദേശിക സർക്കാരുകൾക്ക് കാര്യക്ഷമമായി ഇടപെടാൻ സാധിക്കുന്നതാണ്.

2. സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിലുള്ള ഓൺലൈൻ ക്ലാസ്സുകളുടെ അനുബന്ധമായി, പ്രത്യേക പരിഗണന ആവശ്യമുള്ള വിഭാഗം എന്ന നിലയ്ക്ക്, ആദിവാസി മേഖലയിലെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമെന്നനിലയിൽ അവർക്കു ഡിജിറ്റൽ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി പട്ടികവർഗ്ഗ മേഖലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന് തുടർച്ചയായി, പൊതുവായി എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനം പ്രാപ്യമാക്കുന്നതിന്, പഠനോപകരണ ലഭ്യതയും ഇന്റർനെറ്റ് സൗകര്യവും ഉറപ്പാക്കൽ, ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്കുള്ള പ്രത്യേക പിന്തുണ, പഠന കേന്ദ്രങ്ങൾ സജ്ജീകരിക്കൽ, കുട്ടികൾക്കാവശ്യമായ മാനസിക പിന്തുണയേകാനുള്ള പരിപാടികൾ സംഘടിപ്പിക്കുക, സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതി / പട്ടികവർഗ്ഗ കോളനികളിലെ കുട്ടികൾക്ക് പ്രത്യേകമായ കരുതൽ എന്നീ ഘടകങ്ങൾക്ക് മുൻതൂക്കം നൽകിയുള്ള ചുവടെച്ചേർക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പാക്കേണ്ടതാണ്.

**1. തദ്ദേശ സ്വയംഭരണ സ്ഥാപന വിദ്യാഭ്യാസ സമിതി പ്രവർത്തനം:-**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള വിദ്യാഭ്യാസ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പരാമർശം (3) സർക്കാർ ഉത്തരവിലെ ഖണ്ഡിക 2 ലെ നിർദ്ദേശങ്ങൾ പൊതുവായി മുഴുവൻ വിദ്യാർത്ഥികൾക്കായും ബാധകമാകുന്നതാണ്.

**2. പഠനോപകരണ ലഭ്യതയും ഇന്റർനെറ്റ് സൗകര്യവും ലഭ്യമാക്കൽ (കുട്ടികൾക്ക് ഡിജിറ്റൽ സൗകര്യങ്ങൾ) :-**

2.1 നെറ്റ് വർക്ക് ഇല്ലാത്ത സ്ഥലങ്ങളിൽ റെക്കോർഡഡ് വീഡിയോ അതാത് ടീച്ചർമാരുടെ നേതൃത്വത്തിൽ കുട്ടികളിൽ എത്തിക്കുക.

2.2. വിക്ടേഴ്സ് ചാനലിലെ ക്ളാസുകൾ കമ്മ്യൂണിറ്റി /എഫ്. എം റേഡിയോ വഴിയും വാട്ട്സ്ആപ്പ് വീഡിയോ വഴിയും കുട്ടികളിൽ എത്തിക്കാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുക.

2.3. ഓൺ ലൈൻ ക്ളാസ്സുകൾ സംബന്ധിച്ച് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കാം.

2.4. പരാമർശം (3) സർക്കാർ ഉത്തരവിലെ ഖണ്ഡിക 3.3,3.5,3.6- ലെ നിർദ്ദേശങ്ങൾ പൊതുവായി മുഴുവൻ വിദ്യാർത്ഥികൾക്കായും ബാധകമാകുന്നതാണ്.

2.5. അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് ഫണ്ട് ധനസ്രോതസ്സായി കണ്ടെത്താവുന്നതാണ്.

**3. പഠന കേന്ദ്രങ്ങൾ സജ്ജീകരിക്കൽ:-**

മൽസ്യത്തൊഴിലാളി മേഖലകളിലും ദളിത് മേഖലകളിലും അയൽപക്ക പഠനകേന്ദ്രങ്ങൾ വാർഡ് തല സമിതിയുടെ നേതൃത്വത്തിൽ പ്രവർത്തിപ്പിക്കണം.

**4. കുട്ടികൾക്ക് ആവശ്യമായ മാനസിക പിന്തുണ ഉറപ്പുവരുത്തുന്നതിനുള്ള പരിപാടികൾ:-**

കുട്ടികളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നത് സംബന്ധിച്ച പരാമർശം (3) സർക്കാർ ഉത്തരവിലെ ഖണ്ഡിക 7 ലെ നിർദ്ദേശങ്ങൾ പൊതുവായി മുഴുവൻ വിദ്യാർത്ഥികൾക്കായും ബാധകമാകുന്നതാണ്.

**<u>5. ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് പ്രത്യേക പിന്തുണ:-</u>**

5.1 എല്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തങ്ങളുടെ പരിധിയിൽ വരുന്ന സർക്കാർ / എയിഡഡ് സ്കൂളുകളിലെ പി.ടി.എ കമ്മിറ്റി ഓൺ ലൈനായി വിളിച്ചുചേർക്കുമ്പോൾ ഭിന്ന ശേഷിക്കാരായ കുട്ടികളുടെ കാര്യം ചർച്ച ചെയ്യണം.

5.2 പരാമർശം (3) സർക്കാർ ഉത്തരവിലെ ഖണ്ഡിക 5 ലെ നിർദ്ദേശങ്ങൾ പൊതുവായി മുഴവൻ വിദ്യാർത്ഥികൾക്കായും ബാധകമാകുന്നതാണ്.

5.3 ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് നേരിട്ടോ കുടുംബശ്രീ മുഖേനയോ ലോൺ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

**<u>6. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന പട്ടിക ജാതി /പട്ടിക വർഗ്ഗ കോളനികളിലെ കുട്ടികൾക്ക് പ്രത്യകമായ കരുതൽ:-</u>**

6.1 പട്ടികജാതി/ പട്ടികവർഗ വിഭാഗത്തിലുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പഠനമുറി /പഠന വീട് തുടങ്ങിയ പ്രോജക്ടുകൾ ആവശ്യാനുസരണം ഏറ്റെടുക്കുക.

6.2 സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നോക്കം നിൽക്കുന്ന ഉൾനാടൻ പ്രദേശങ്ങളിലെ വിദ്യാർഥികളെ നേരിട്ട് സന്ദർശനം നടത്തി പഠനസഹായം നൽകുകയും പഠനോപകരണങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

3.സ്പോൺസർഷിപ്പ്/ സംഭാവനകൾ ശേഖരിച്ച് സഹായങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ ജനറൽ, കില
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sureshkumar K
Date: 29-07-2021 12:07:51
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്